(എൽ) ഇല്ല. ഇലക്ട്രിസിറ്റി വർക്കേഴ്സ് ഫെഡറേഷന്റെ കൂടി പ്രതിനിധികൾ ഉൾപ്പെട്ട കർമ്മ സമിതി അംഗീകരിച്ച കൺസ്യൂമർ കാർഡ് നടപ്പാക്കുന്നതിന്റെ വിശദാംശങ്ങൾ യൂണിയൻ പ്രതിനിധികളുമായി വീണ്ടും ചർച്ച ചെയ്തില്ല എന്ന ആരോപണമാണ് ഉന്നയിച്ചത്. നടപ്പിലാക്കുന്നതിന്റെ വിശദാംശങ്ങൾ അംഗീകൃത യൂണിയൻ പ്രതിനിധികളുമായി ചർച്ച ചെയ്തു നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

(എം) കൺസ്യൂമർ കാർഡ് നൽകുന്നതിനോടനുബന്ധിച്ച് ചില തെറ്റിദ്ധാരണകൾ ഉള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത് ഭൂരിഭാഗവും കൺസ്യൂമർ കാർഡിന് നൽകുന്ന അപേക്ഷാഫാറം ഉപഭോക്താവ് പൂരിപ്പിച്ച് നൽകുന്നത് സംബന്ധിച്ചുള്ളവയാണ്. തെറ്റിദ്ധാരണകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൺസ്യൂമർ കാർഡ് ഉപഭോക്താക്കൾക്ക് പ്രയോജനകരമായ സംവിധാനമായതിനാൽ പിൻവലിക്കുന്നകാര്യം ഗവൺ മെന്റിന്റെ പരിഗണനയിലില്ല.

കൺസ്യൂമർ കാർഡ് ഉപഭോക്താക്കൾക്ക് പ്രയോജനപ്പെടുന്ന രീതി

15 (*634)ശ്രീ. എ. കണാരൻ :
ശ്രീ. എം.വി. ജയരാജൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന കൺസ്യൂമർ കാർഡ് ഉപഭോക്താക്കൾക്ക് എപ്രകാരം പ്രയോജനപ്പെടുമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(സി) കൺസ്യൂമർകാർഡ് സംബന്ധിച്ച് ഉപഭോക്താക്കളെ ബോധവാന്മാരാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) കൺസ്യൂമർ കാർഡ് സംബന്ധിച്ച് ഉപഭോക്താക്കളെ ബോധവാന്മാരാക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (ശ്രീ. എസ്. ശർമ്മ) :

(എ) & (ബി) സംസ്ഥാനത്ത് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്ന കൺസ്യൂമർ കാർഡ് ഉപഭോക്താക്കൾക്ക് താഴെപ്പറയുന്ന രീതിയിൽ പ്രയോജനകരമാണ്.

1. വൈദ്യുതി കണക്ഷൻ സംബന്ധമായ ആധികാരിക രേഖകൾ ഇപ്പോൾ അതാത് ഇലക്ട്രിസിറ്റി ഓഫീസിലാണുള്ളത്. ഉപഭോക്താവിന് രൂപയടച്ച രസീതുകളല്ലാതെ മറ്റ് ആധികാരിക രേഖകളൊന്നും ഇല്ല. ഇതിനുപകരമായി വൈദ്യുതി സംബന്ധിച്ച എല്ലാ വിശദവിവരങ്ങളും ഉൾക്കൊള്ളുന്ന രേഖകൾ ഉപഭോക്താക്കൾക്ക് നല്കുന്ന സമ്പ്രദായം മിക്കവാറും എല്ലാ രാജ്യങ്ങ

LIBRARY ARCHIVES Kerala Legislative Assembly

ളിലും നിലവിലുണ്ട്. വൈകിയെങ്കിലും ഈ പ്രയോജനം ഇന്നാട്ടിലെ ജനങ്ങങ്ങൾക്ക് ലഭ്യമാക്കാൻ കഴിയുന്നു എന്നതാണ് ഒരു നേട്ടം.

2. ഒരു ഉപഭോക്താവിന് വൈദ്യുതി മുടക്കം നേരിട്ടാൽ വൈദ്യുതി ഓഫീസിൽ അറിയിക്കുന്നതിന് തന്റെ കൺസ്യൂമർ നം. മാത്രമാണ്. ഈ കൺസ്യൂമർ നം. മാത്രം അറിയിക്കുക വഴി വീടു സ്ഥിതിചെയ്യുന്ന സ്ഥലം കണ്ടെത്തി വൈദ്യുതി തകരാർ പരിഹരിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നുണ്ട്. എന്നാൽ കൺസ്യൂമർ നമ്പറിനോടൊപ്പം പോസ്റ്റ് നമ്പരും, കണക്ട് ചെയ്തിരിക്കുന്ന ട്രാൻസ്ഫോമറിന്റെ പേരും കൂടി അറിയിച്ചാൽ കാലതാമസം കൂടാതെ വീട് കണ്ടെത്തി തകരാർ പരിഹരിക്കുന്നതിന് സാധിക്കും.

3. കൺസ്യൂമർ കാർഡിൽ പണ സംബന്ധമായ വിവരങ്ങൾ രേഖപ്പെടുത്തുക വഴി വീടു കൈമാറ്റം ചെയ്യുകയും മറ്റും ചെയ്യുന്ന അവസരങ്ങളിൽ വൈദ്യുതി കുടിശ്ശികയോ മറ്റോ ഉണ്ടെന്നുള്ള വസ്തുത മനസ്സിലാക്കാൻ സാധിക്കും.

4. വൈദ്യുതി ബോർഡും ഉപഭോക്താവും തമ്മിലുണ്ടാകുന്ന തർക്കങ്ങളിലും വ്യവഹാരങ്ങളിലും കൺസ്യൂമർ കാർഡ് ഉപഭോക്താക്കൾക്ക് ആധികാരിക രേഖയായി ഉപയോഗിക്കാൻ സാധിക്കും.

5. അഡീഷണൽ ബിൽ അഡീഷണൽ ക്യാഷ് ഡിപ്പോസിറ്റ് തുടങ്ങിയവ അടച്ച വിവരങ്ങൾ കാർഡിൽ രേഖപ്പെടുത്തുന്നതിനാൽ അതിന്റെ വിശദാംശങ്ങൾ അറിയുവാനും ഭാവിയിൽ തെറ്റായി കണക്കാക്കിയ അധിക ചാർജ്ജുകൾ അടയ്ക്കേണ്ടി വരുന്ന ബാദ്ധ്യത പൂർണ്ണമായി ഒഴിവാക്കുവാനും സാധിക്കുന്നു.

6. മീറ്റർ മാറ്റം സംബന്ധിച്ച് വിവരങ്ങൾ രേഖപ്പെടുത്തുന്നതിനാൽ ഭാവിയിൽ അധിക ചാർജ്ജോ പിഴയോ തെറ്റായി ഈടാക്കപ്പെടാനുള്ള ബാദ്ധ്യത ഇല്ലാതാകുന്നു.

(സി) കൺസ്യൂമർ കാർഡ് ലഭ്യമാക്കുന്നതിന് ഉപഭോക്താക്കൾക്ക് അറിയാവുന്ന വിവരങ്ങൾ മാത്രം പൂരിപ്പിച്ചു നൽകിയാൽ മതിയെന്നുള്ള വ്യവസ്ഥയിൽ അപേക്ഷാഫാറങ്ങൾ സൗജന്യമായി നല്കിയിട്ടുണ്ട്. പൂരിപ്പിക്കുന്നതിന് ബോർഡ് ഉദ്യോഗസ്ഥർ വേണ്ട സഹായം ചെയ്യുന്നതാണ്. വിശദാംശങ്ങൾ രേഖപ്പെടുത്തിയ കാർഡ് ആധികാരികരേഖയായി ഉപയോഗിക്കാവുന്നതാണ്.

(ഡി) ഉപഭോക്താക്കളുടെ ഭയാശങ്കകൾ ദൂരീകരിക്കുന്നതിനും കൺസ്യൂമർ കാർഡിന്റെ ഉദ്ദേശലക്ഷ്യങ്ങൾ ഉൾപ്പെടുത്തി പത്രമാദ്ധ്യമങ്ങൾ വഴി പരസ്യം ചെയ്യുന്നുണ്ട്. കൂടുതൽ ബോധവത്ക്കരണം ആവശ്യമുണ്ടെങ്കിൽ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പ്രീ-എക്സാമിനേഷൻ പരിശീലന കേന്ദ്രങ്ങളുടെ പ്രവർത്തനം

16 (*635)ശ്രീ. ടി.കെ. ബാലൻ :
ശ്രീ. എം. ദാസൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :

LIBRARY ARCHIVES Kerala Legislative Assembly